(ബി) കാഞ്ഞിരപ്പുഴ ഡാമിന്റെ ഷട്ടറിനുതാഴെ വിള്ളൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഷട്ടറിന്റെ വശങ്ങളിലുള്ള റബ്ബർ സീലിംഗിന്റെ തകരാറുമൂലം ചെറിയ തോതിൽ ചോർച്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഡാം ബലപ്പെടുത്തുന്നതിനു വേണ്ടി ഡാം സേഫ്ടി കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾക്കായി 54 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

പിന്നോക്കക്കാർക്ക് വിതരണം ചെയ്യുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ

151 (1785) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും മറ്റു പിന്നോക്ക വിഭാഗക്കാർക്ക് വിതരണം ചെയ്യുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ കുടിശ്ശിക വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വിതരണം ചെയ്ത തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ അഭാവംമൂലം വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടില്ല.

(സി) വിതരണം ചെയ്ത തുകയുടെയും വകയിരുത്തിയ തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

വർഷം	പ്ലാൻ	ചെലവ്
2001-2002	10 ലക്ഷം	112 ലക്ഷം
2002-2003	20 ലക്ഷം	24.50 ലക്ഷം
വർഷം	**നോൺപ്ലാൻ**	**ചെലവ്**
2001-2002	9.50 ലക്ഷം	1685.35 ലക്ഷം
2002-2003	1187.50 ലക്ഷം	2233.72 ലക്ഷം

അച്ചടി വകുപ്പിൽ അഴിമതി നടത്തിയവർക്കെതിരെ നടപടി

152 (1789) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹു. കേരള ഹൈക്കോടതിയിലെ 2002-ലെ ഒ.പി.31284-ൽ ഖജനാവിന് നഷ്ടം വരുത്തിയവർക്കെതിരെയും അച്ചടിവകുപ്പിൽ അഴിമതി നടത്തിയവർക്കെതിരെയും കർശന നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2002-ലെ 31284-ാം നമ്പർ ഒ.പി.യുടെ വിധിന്യായത്തിൽ, ആരെങ്കിലും സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ അവരെ രക്ഷപ്പെടുവാൻ സർക്കാർ അനുവദിക്കുകയില്ല എന്ന് ബഹു.കോടതി വിശ്വാസം പ്രകടിപ്പിക്കുകയാണുണ്ടായത്.

(ബി) ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പിന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത ഒ. പി. ഫയൽ ചെയ്തിട്ടുള്ളത്. പ്രസ്തുത ഇൻസ്പെക്ഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. ഇക്കാര്യത്തിൽ അച്ചടിവകുപ്പ് ഡയറക്ടർ നൽകിയ വിശദീകരണം ഭാഗികമായി അംഗീകരിക്കുകയും വിശദീകരണം തൃപ്തികരമല്ലാത്ത കാര്യങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(സി) ഉദിക്കുന്നില്ല.

അച്ചടി വകുപ്പിലെ അഴിമതി സംബന്ധിച്ച പരാതികൾ

153 (1790) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹു.കേരള ഹൈക്കോടതിയിലൂടെ 2002-ലെ ഒ.പി. 31284 പ്രകാരം അന്നത്തെ അച്ചടി വകുപ്പ് ഡയറക്ടറുടെയും പ്രസ്സുകളുടെ സൂപ്രണ്ടിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ അവസാനിപ്പിച്ചുവോ ;

(ബി) അച്ചടിവകുപ്പിൽ നടന്ന അഴിമതികളെ സംബന്ധിച്ച് സർക്കാരിന് ലഭിച്ച വിവിധ പരാതികൾ അടങ്ങുന്ന 25590/എച്ച്/എച്ച്.ഇ.ഡി-എൻ/02 എന്ന ഫയലിലും 2803/എച്ച്1/എച്ച്.ഇ.ഡി.എൽ/02 ഫയലിലും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നു വിശദീകരിക്കാമോ ;

(സി) ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31-05-2002-ൽ ലഭിച്ച ധനകാര്യ ഇൻസ്പെക്ഷൻ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ വൈകിക്കുന്നുവെന്നും മറ്റും ആരോപിച്ചുകൊണ്ട് ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശം നൽകുന്നതിനും മറ്റുമാണ് 2002-ലെ 31284-ാം നമ്പർ ഒ.പി. ഫയൽ ചെയ്തത്. യഥാർത്ഥത്തിൽ ധനകാര്യ ഇൻസ്പെക്ഷൻ റിപ്പോർട്ട് കിട്ടിയ ഉടൻതന്നെ സർക്കാർ പ്രിന്റിംഗ് ഡയറക്ടറുടെയും സൂപ്രണ്ടിന്റെയും വിശദീകരണം വാങ്ങി തുടർനടപടികൾ സ്വീകരിച്ചിരുന്നു. ഇൻസ്പെക്ഷൻ റിപ്പോർട്ട് അതേപടി അംഗീകരിക്കാമോ കൂടുതൽ അന്വേഷണം ആവശ്യമുണ്ടോ എന്നീ കാര്യങ്ങൾ അന്ന് സർക്കാരിന്റെ സജീവ പരിഗണനയിലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly